വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ആക്കിയോളജിക്കൽ ഹെഡ് കാട്ടേഴ്സ് തിരുവനന്തപുരത്തേക്ക് മാറുന്നതിനു് ഉത്തരവു കൊടുത്തുകഴിഞ്ഞു തൃശ്ശൂർ ആഫീസിനോടു് അനുബന്ധിച്ചു് നടത്തിവരുന്ന ചില സ്ഥാപനങ്ങളും തിരുവനന്തപുരത്തേക്കു് മാറണമോ എന്ന കാര്യം തിരുമാനിക്കുന്നതോടു കൂടി ഇപ്പോഴത്തെ തൃശ്ശൂർ ആഫീസു് തിരുവനന്തപുരത്തേക്കു് മാറുന്നതാണു്.

(ബി) ടി. എ. ഇനത്തിൽ കൂടുതൽ ചിലവു് ഉണ്ടായിട്ടില്ല.

ശ്രീ. റോച്ചു് വിക്ടോറിയാ

*നമ്പർ (88). ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) മദ്രാസു് മിനിസ്റ്റർ മി. റോച്ചു് വിക്ടോറിയാ തിരുവിതാംകൂർ കൊച്ചി സന്ദർശിച്ച അവസരത്തിൽ ഗവൺമെണ്ടിന്റെ അതിഥിയായിരുന്നില്ലെ?

(ബി) ആയിരുന്നെങ്കിൽ ആയിനത്തിൽ ഗവൺമെണ്ടു് സ്റ്റേയിറ്റ ഗസ്റ്റ് ഡിപ്പാർട്ടുമെണ്ടിനു് എന്തു ചിലവു് വന്നിട്ടുണ്ടു്?

(സി) മി. റോച്ചു് വിക്ടോറിയായുടെ വരവു സംബന്ധിച്ചു് കൊമ്പ്ലിമെന്ററി ഇൻസ്ട്രക്ഷൻ ബുക്കിൽ നിന്നു് മൊത്തംഎന്തു ചിലവു ചെയ്തിട്ടുണ്ടു്? ആ ചിലവിന്റെ ആവശ്യമെന്തായിരുന്നു എന്നു് അന്വേഷിച്ചോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) അതേ.

(ബി) അദ്ദേഹത്തിന്റെ സന്ദർശനം പ്രമാണിച്ചു് ജൂൺ ജൂലായി, ഒക്ടോബർ, നവമ്പർ എന്നീ മാസങ്ങളിലും, ജൂൺ 50 മേയിലും കൂടി 8000 രൂപാ ഇതു അണ ചെലവായിട്ടുണ്ടു്.

(സി) നമ്മുടെ രൂപാ ഇവ അണ വച്ചെ. ചെലവിന്റെ ആവശ്യം ഗവൺമെണ്ടു് അന്വേഷിച്ചു കൊണ്ടിരിക്കയാണു്.

ക്ലാർക്കു ടൈപ്പിസ്റ്റും, സ്റ്റെനോഗ്രാഫറും

*നമ്പർ. (89) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ?

പബ്ലിക്കു് സർവ്വീസു് റൂളനുസരിച്ചു് ക്ലാർക്കു്, ടൈപ്പിസ്റ്റു്, സ്റ്റെനോഗ്രാഫർ മുതലായ ഉദ്യോഗങ്ങൾ ഇൻറർചേഞ്ചബിൾ അല്ലെന്നുള്ളതു് തിരുവിതാംകൂർ കാരെ മാത്രമെ ബാധിക്കുന്നുള്ളു എന്നും കൊച്ചിക്കാർക്കു് അതു ബാധകമല്ല എന്നുള്ളതും ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

അല്ല.

IYKIA KERALA CONVENTION

*603. [57] **Sri. K. P. Nilakanta Pillai:** Will the Hon'ble Chief Minister be pleased to state:—

whether his attention has been drawn to the news published in the Navasakthi Weekly, dated 28th June 1950 to the effect that a sum of Rs. 4,800 has been paid

LIBRARY ARCHIVES Kerala Legislative Assembly